**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ വായ്പാ തിരിച്ചടവിന് സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡ് കാലത്ത് വായ്പ തിരിച്ചടക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വായ്പ തിരിച്ചടക്കാത്തതിന്റെ പേരിൽ പ്രസ്തുത ബാങ്കുകൾ ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർക്ക് കോവിഡ് കാലത്ത് വായ്പ തിരിച്ചടക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. വായ്പ തിരിച്ചടക്കാത്തതിന്റെ പേരിൽ പ്രസ്തുത ബാങ്കുകൾ ഇടപാടുകാരെ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനും, കുടിശ്ശിക വായ്പകൾക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവായി ആശ്വാസം ലഭിക്കുന്നതിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16 ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് മഹാമാരി സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2022 നവംബർ 30 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരളാ ബാങ്കിൽ നിന്നും വായ്പ എടുത്ത് കോവിഡ് കാലത്ത് കുടിശ്ശിക ആയവർക്ക് റിസർവ്വ് ബാങ്ക് പ്രഖ്യാപിച്ച മോറട്ടോറിയം ആനുകൂല്യം അനുവദിച്ച് നൽകിയിരുന്നു. മോറട്ടോറിയം കാലാവധിക്ക് ശേഷവും വായ്പക്കാർക്ക് വായ്പ തിരിച്ചടക്കുന്നതിന് സാവകാശം കേരളാ ബാങ്ക് നൽകിയിരുന്നു. കൂടാതെ ഇളവുകളോടെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് 15.11.2022 വരെ കേരളാ ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് 19 രൂക്ഷമല്ലാത്തതിനാലും എല്ലാ സഹകരണ സംഘങ്ങൾ/ ബാങ്കുകളും പൂർണ്ണ രീതിയിൽ പ്രവർത്തിക്കുന്നതിനാലും ഇടപാടുകാർക്ക് തിരിച്ചടവ് സംബന്ധിച്ച് കൂടുതൽ ഇളവുകൾ നൽകുന്നത് സഹകരണ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ തിരിച്ചടവിന് സമയം നീട്ടി നൽകാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇടപാടുകാർക്ക് തിരിച്ചടവിന് സമയം നീട്ടി നല്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നല്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർക്ക് കോവിഡ് കാലത്ത് വായ്പ തിരിച്ചടക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. വായ്പ തിരിച്ചടക്കാത്തതിന്റെ പേരിൽ പ്രസ്തുത ബാങ്കുകൾ ഇടപാടുകാരെ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനും, കുടിശ്ശിക വായ്പകൾക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവായി ആശ്വാസം ലഭിക്കുന്നതിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16 ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് മഹാമാരി സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2022 നവംബർ 30 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരളാ ബാങ്കിൽ നിന്നും വായ്പ എടുത്ത് കോവിഡ് കാലത്ത് കുടിശ്ശിക ആയവർക്ക് റിസർവ്വ് ബാങ്ക് പ്രഖ്യാപിച്ച മോറട്ടോറിയം ആനുകൂല്യം അനുവദിച്ച് നൽകിയിരുന്നു. മോറട്ടോറിയം കാലാവധിക്ക് ശേഷവും വായ്പക്കാർക്ക് വായ്പ തിരിച്ചടക്കുന്നതിന് സാവകാശം കേരളാ ബാങ്ക് നൽകിയിരുന്നു. കൂടാതെ ഇളവുകളോടെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് 15.11.2022 വരെ കേരളാ |

| | | | |
|---|---|---|---|
| | | | ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് 19 രൂക്ഷമല്ലാത്തതിനാലും എല്ലാ സഹകരണ സംഘങ്ങൾ/ ബാങ്കുകളും പൂർണ്ണ രീതിയിൽ പ്രവർത്തിയ്ക്കുന്നതിനാലും ഇടപാടുകാർക്ക് തിരിച്ചടവ് സംബന്ധിച്ച് കൂടുതൽ ഇളവുകൾ നൽകുന്നത് സഹകരണ സംഘം/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ തിരിച്ചടവിന് സമയം നീട്ടി നൽകാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ലോൺ തിരിച്ചടക്കാത്തതിന്റെ പേരിൽ സഹകരണ ബാങ്കുകൾ ജപ്തി നടപടി സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവെക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രം നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ